# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2707 13.03.2020 ൽ മറുപടിക്ക്**

**കണിയാപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കണിയാപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) സ ഉ (സാധാ) നം.718/2018/പൊമവ തീയതി 19.04.2018 പ്രകാരം കണിയാപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ ബി ഡി സി കെ -യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ചിട്ടുണ്ട്. അലൈൻമെന്റിനെതിരെ രണ്ട് റിട്ട് ഹർജികൾ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. നിലവിലുള്ള റോഡിനു സമാന്തരമായി ആർ ഒ ബി നിർമ്മിക്കണം എന്നതാണ് പരാതിക്കാരുടെ ആവശ്യം. നിലവിലുള്ള റോഡും, റെയിൽവേ ലൈനും തമ്മിലുള്ള സ്ക്യൂ ആംഗിൾ 33 ഡിഗ്രി ആണ്. റെയിൽവേ ബോർഡിന്റെ, ആർ ഡി എസ് ഒ നിബന്ധന പ്രകാരം 20 ഡിഗ്രിക്ക് മുകളിൽ സ്ക്യൂ ആംഗിൾ അനുവദനീയമല്ല എന്ന് ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ ആർ ബി ഡി സി കെ-യെ അറിയിച്ചിട്ടുണ്ട്. തുടർന്ന് പ്ലാറ്റ്ഫോമുകളോട്ട കൂടി ഫ്യൂച്ചർ ട്രക്ക് നൽകുന്നതിനായി മൂന്ന് സ്പാനുകളായി ജി എ ഡി തയ്യാറാക്കുവാൻ റെയിൽവേ ആവശ്യപ്പെട്ടു. അതു പ്രകാരം |

പുതുക്കിയ ജി എ ഡി യും റെയിൽവേയുടെ അനുവദനീയമായ സ്ക്യൂ ആംഗിൾ നൽകിക്കൊണ്ട് നിലവിലുള്ള റോഡിനു സമാന്തരമായി അലൈൻമെന്റ് തയ്യാറാക്കുവാൻ ആർ ബി ഡി സി കെ കൺസൽട്ടന്റിനോടു ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ജി എ ഡി-യും അലൈൻമെന്റും തയ്യാറാക്കിയതിനു ശേഷം റെയിൽവേയിൽ സമർപ്പിക്കുന്നതാണ്.

ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറായിട്ടുണ്ടോ; റെയിൽവേ മേൽപ്പാലവുമായി ബന്ധപ്പെട്ട് സ്ക്യൂ ആംഗിൾ വർദ്ധിപ്പിക്കുന്നതിന് റെയിൽവേയിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ബി) അലൈൻമെന്റ് അംഗീകരിച്ചതിനു ശേഷം മാത്രമേ ഡി പി ആർ തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. റെയിൽവേ ബോർഡിന്റെ ആർ ഡി എസ് ഒ നിബന്ധന പ്രകാരം 20 ഡിഗ്രിക്ക് മുകളിൽ സ്ക്യൂ ആംഗിൾ അനുവദനീയമല്ല എന്ന് ചീഫ് എഞ്ചിനീയർ കൺസ്ട്രക്ഷൻ സതേൺ റെയിൽവേ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ